"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിൽ പരവൂർ, നെടുങ്ങോലം പങ്ക് വിള വീട്ടിൽ ശ്രീമതി കൃഷ്ണമ്മ വി യെ ലൈഫ് ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ ഉൾപെടുത്തുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ ( ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1273/2025/LSGD തീയതി,തിരുവനന്തപുരം, 23-05-2025

---

പരാമർശം:-

1. ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 20.01.2023 ലെ എച്ച് ആർ എം പി നമ്പർ 9340/11/11/2019/കെ എൽ എം നമ്പർ ഉത്തരവ്.
2. 15.10.2024 ലെ ശ്രീമതി കൃഷ്ണമ്മ വി യുടെ G3241002891 ഡോക്കറ്റ് നമ്പർ പരാതി.
3. 18.02.2025 ലെ ലൈഫ് മിഷൻ ചീഫ്എക്സിക്യൂട്ടീവ് ഓഫീസറുടെ എൽ എം4/3517/2024/ ലൈഫ് നമ്പർ കത്ത്.

**ഉത്തരവ്**

സ്വന്തമായി വസ്തുവും വീടും ലഭിക്കുന്നതിന് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭ്യമാക്കുന്നതിനും മാനസികാസ്വാസ്ഥ്യമുള്ള മകനെ ടിയാന്റെ മരണശേഷം സംരക്ഷിക്കണം എന്നും അഭ്യർത്ഥിച്ച് ശ്രീമതി.കൃഷ്ണമ്മ ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും, കമ്മീഷൻ, ശ്രീമതി കൃഷ്ണമ്മ .വി യുടെ കുടുംബത്തിന്റെ സംരക്ഷണം ഏറ്റെടുക്കണമെന്നും വീടും സ്ഥലവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം - 1 പ്രകാരം ഉത്തരവായിരുന്നു.

2. വീട് ലഭിക്കാത്തതിനെ തുടർന്ന് കാഴ്ചയില്ലായ്മയാലും മറ്റനേകം അസുഖങ്ങളാലും ബുദ്ധിമുട്ടനുഭവിക്കുന്ന കിടപ്പുരോഗിയായ അപേക്ഷകയും മാനസികരോഗിയായ മകനും അടങ്ങുന്ന കുടുംബം നിലവിൽ വാടക വീട്ടിലാണ് കഴിയുന്നതെന്നും സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടുന്ന ടി കുടുംബത്തിന് 3 സെന്റ് വസ്തുവും വീടും അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ബഹു മുഖ്യമന്ത്രി മുമ്പാകെ ശ്രീമതി കൃഷ്ണമ്മ .വി പരാമർശം - 2 പ്രകാരം വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. കുടുംബത്തിന്റെ അവസ്ഥ പരിഗണിച്ച് പൂതക്കുളം ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിതരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാന സഹിതം കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

ശ്രീമതി.കൃഷ്ണമ്മയെ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ലൈഫ് മിഷൻ കൊല്ലം ജില്ലാ കോർഡിനേറ്റർ, ശിപാർശ ചെയ്തതിനെ തുടർന്ന് ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി കൃഷ്ണമ്മയെ ലൈഫ് ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ ഉൾപെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സി ഇ ഒ ലൈഫ് മിഷൻ പരാമർശം - 3 പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരവും , അപേക്ഷകയുടെ സാമ്പത്തിക പരാധീനതയും രോഗാതുരമായ ജീവിത സാഹചര്യവും കണക്കിലെടുത്ത് പ്രത്യേകമായി പരിഗണിച്ചു കൊണ്ടും കൊല്ലം ജില്ലയിൽ പരവൂർ, നെടുങ്ങോലം പങ്ക് വിള വീട്ടിൽ ശ്രീമതി കൃഷ്ണമ്മ . വി യെ ലൈഫ് ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ ഉൾപെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 24-05-2025 09:33:03
സെക്ഷൻ ഓഫീസർ